ഉത്തരം

(എ-സി) 12-6-2015-ലെ സ.ഉ.(സാധാ)1767/15/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം മുളക്കുളം പഞ്ചായത്തിൽ സർവ്വേ നമ്പർ 275(എ)1/1-ൽപ്പെട്ട ഒരേക്കർ സ്ഥലം പെരുവ ഗവ. ഐ.ടി.ഐ. നിർമ്മിക്കുന്നതിന് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം**

**146 (2779)** ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച് വിശദമാക്കാമോ ;

(സി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻമാത്രം ഉണ്ടാകുന്ന ബാദ്ധ്യത സംബന്ധിച്ച് വ്യക്തമാക്കാമോ ;

(ഡി) പുതിയ തദ്ദേശസ്ഥാപനങ്ങളുടെ വിഭജന പ്രക്രിയ ഏത് ഘട്ടം വരെയായി എന്നും എന്നുമുതൽ നിലവിൽവരും എന്നത് സംബന്ധിച്ചും വിശദമാക്കാമോ ;

(ഇ) പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണത്തിലെ അശാസ്ത്രീയതയെ കുറിച്ചുള്ള പരാതി പരിഹരിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ (ബ്ലോക്ക് പഞ്ചായത്തുകളൊഴികെയുള്ളവയുടെ) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി&സി) കണക്കാക്കിയിട്ടില്ല.

(ഡി) പുതിയ തദ്ദേശസ്ഥാപനങ്ങളുടെ (ബ്ലോക്ക് പഞ്ചായത്തുകൾ ഒഴികെ) വിഭജനം പൂർത്തിയാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ 1-11-2015-ന് നിലവിൽവരും. ബ്ലോക്ക് പഞ്ചായത്തുകൾ പുനഃക്രമീകരിക്കുന്നതിനുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷമാണ് അന്തിമ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

## യുവതീ-യുവാക്കൾക്ക് തൊഴിൽ കുടുംബശ്രീ

**147 (2780)** ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭ്യമാകുന്ന പദ്ധതിക്ക് കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനു ദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ നല്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ 18-35 ഇടയിൽ പ്രായമുള്ള കേരളത്തിലെ 30000 ഗ്രാമീണ യുവജനങ്ങൾക്ക് പരിശീലനം നൽകി അവർക്ക് ജോലി ലഭ്യമാക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ കേരളത്തിലെ 30000 ഗ്രാമീണ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ പരിശീലനം കൊടുക്കുകയും തുടർന്ന് സംഘടിത മേഖലകളിൽ തൊഴിൽ കൊടുക്കുകയും ചെയ്യുന്നു. മൂന്നുമുതൽ പന്ത്രണ്ട് മാസം വരെയുള്ള പരിശീലനകാലയളവിൽ താമസം, ഭക്ഷണം, യൂണിഫോം, യാത്രാബത്ത തുടങ്ങിയവ സൗജന്യമായി ലഭിക്കുന്നു. പരിശീലനത്തിനുശേഷം എൻ.സി.വി.ടി. അല്ലെങ്കിൽ എസ്.എസ്.സി. അംഗീകാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്നു. ആറായിരം രൂപമുതൽ പതിനയ്യായിരം രൂപവരെയുള്ള മാസശമ്പളം ലഭിക്കുന്ന ജോലിയാണ് പരിശീലനത്തിനുശേഷം നൽകുന്നത്.